നമ്പർ. സി.ജനറൽ(3)/25063 /2015/സി.ജി.ഇ.

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം -12
തീയതി: 28 /04/2015

# <u>വിജ്ഞാപനം</u>

വിഷയം- എസ്.എസ്.എൽ.സി. (ഹിയറിംഗ് ഇംപയേർഡ് ) സേവ് എ ഇയർ ('സേ') പരീക്ഷ 2014- സംബന്ധിച്ച്.

**സൂചന-** ജി.ഒ.(എം.എസ്)നമ്പർ. 67/2014/പൊ.വി.വ തീയതി 25/04/2014.

2015 –മാർച്ചിലെ എസ്.എസ്.എൽ.സി. (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷ എഴുതി ഏതെങ്കിലും രണ്ടു പേപ്പറിന് മാത്രം മിനിമം D+ ലഭിക്കാത്തതിന്റെ പേരിൽ ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടാത്തവർക്കായി സേവ് എ ഇയർ ('സേ') എന്ന പേരിൽ ഒരു പരീക്ഷ കൂടി മേയ് 18 മുതൽ 22 വരെ തീയതികളിൽ തിരഞ്ഞെടുക്കപ്പെട്ട പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ടൈംടേബിളും പരീക്ഷയുടെ മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു.

**<u>'സേ' പരീക്ഷ എഴുതുന്നതിനുള്ള മാനദണ്ഡങ്ങൾ</u>**

1. 2015 മാർച്ചിലെ എസ്.എസ്.എൽ.സി. . (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷ റെഗുലർ വിഭാഗത്തിൽ എഴുതിയവർക്ക് മാത്രമേ 'സേ' പരീക്ഷ എഴുതുന്നതിന് അർഹതയുള്ളൂ.
2. പരമാവധി രണ്ടു പേപ്പറുകൾക്കു മാത്രം D+-ന് താഴെ ഗ്രേഡ് ലഭിച്ചവർക്ക് മാത്രമേ 'സേ' പരീക്ഷ എഴുതുവാൻ അർഹതയുള്ളൂ.
3. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ എസ്.എസ്.എൽ.സി. (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷയിൽ രണ്ടു പേപ്പറുകൾക്ക് ഹാജരാകാതെ വന്നിട്ടുള്ളവർക്ക് പ്രസ്തുത പേപ്പറുകൾക്ക് 'സേ' പരീക്ഷ എഴുതാവുന്നതാണ്.
4. കൂടാതെ 2015 മാർച്ചിലെ എസ്.എസ്.എൽ.സി. (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ അപകടം, ഗുരുതരമായ രോഗം, പിതാവ്/മാതാവ്/സഹോദരങ്ങൾ എന്നിവരുടെ മരണം, എന്നീ കാരണങ്ങളാൽ പരീക്ഷ എഴുതാനോ പൂർത്തിയാക്കാനോ കഴിയാത്തവരുണ്ടെങ്കിൽ ഇവർക്ക് രണ്ടിൽ കൂടുതൽ പേപ്പറുകൾ പരീക്ഷ എഴുതുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്. ഇതിനായി വില്ലേജ് ഓഫീസർ/ അംഗീകൃത ഡോക്ടറുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

5. എഴുത്തു പരീക്ഷയുടെ സ്കോർ മാത്രമേ 'സേ' പരീക്ഷയിലൂടെ മെച്ചപ്പെടുത്താൻ മുകളിൽപ്പറഞ്ഞ വ്യവസ്ഥകൾക്ക് വിധേയമായി അവസരം ഉണ്ടായിരിക്കുകയുള്ളൂ.
6. 2015 മാർച്ചിലെ എസ്.എസ്.എൽ.സി. (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷാ ഫലത്തിന്റെ കമ്പ്യൂട്ടർ പ്രിന്റൗട്ട് ഉപയോഗിച്ച് അപേക്ഷ നൽകാവുന്നതാണ്.
7. പുനർ മൂല്യനിർണ്ണയത്തിനും അതോടൊപ്പം 'സേ' പരീക്ഷയ്ക്കും അപേക്ഷിച്ച വരിലാരെങ്കിലും പുനർ മൂല്യനിർണ്ണയത്തിന് ഉപരിപഠനത്തിനർഹത നേടിയതായി കണ്ടാൽ 'സേ' പരീക്ഷാഫലം പരിഗണിക്കുന്നതല്ല.

<u>**പരീക്ഷാ തീയതിയും സമയവും**</u>

| തീയതി | സമയം | ഒിഷയം |
|---|---|---|
| 18/05/2015 തിങ്കൾ | 10.00 മുതൽ 12.45 വരെ | മലയാളം |
| | 1.45 മുതൽ 3.30 വരെ | ഹിസ്റ്ററി ആന്റ് സിവിക്സ് (എസ്.എസ്.I) |
| 19/05/2015 ചൊവ്വ | 10.00 മുതൽ 12.45 വരെ | ഇംഗ്ളീഷ് |
| | 1.45 മുതൽ 3.30 വരെ | ഫിസിക്സ് |
| 20/05/2015 ബുധൻ | 10.00 മുതൽ 12.45 വരെ | മാത്തമാറ്റിക്സ് |
| | 1.45 മുതൽ 3.30 വരെ | ജിയോഗ്രഫി & എക്കണോമിക്സ് (എസ്.എസ്. II) |
| 21/05/2015 വ്യാഴം | 10.00 മുതൽ 12.45 വരെ | ബയോളജി |
| | 1.45 മുതൽ 3.30 വരെ | കെമിസ്ട്രി |
| 22/05/2015 വെള്ളി | 10.00 മുതൽ 11.30 വരെ | ഇൻഫർമേഷൻ ടെക്നോളജി |

<u>**പരീക്ഷാ ഫീസ്**</u>

'സേ' പരീക്ഷ എഴുതുന്നതിന് പേപ്പർ ഒന്നിന് 100 രൂപയാണ്. ഫീസ് നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത തുക അപേക്ഷയോടൊപ്പം പരീക്ഷ എഴുതുന്ന കേന്ദ്രത്തിലെ ഹെഡ്മാസ്റ്ററുടെ/ സൂപ്രണ്ടിന്റെ പക്കൽ പണമായി നൽകേണ്ടതാണ്. അപേക്ഷകൾ 28/04/2015 മുതൽ 08/05/2015 4.00 pm വരെ പരീക്ഷാ കേന്ദ്രങ്ങളിൽ സ്വീകരിക്കും. 2015 മാർച്ചിൽ പരീക്ഷ എഴുതി ലഭിച്ച സർട്ടിഫിക്കറ്റ് അല്ലെങ്കിൽ റിസൽട്ടിന്റെ കമ്പ്യൂട്ടർ പ്രിന്റൗട്ട് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ലഭിച്ച തുക ''<u>**ചീഫ് സൂപ്രണ്ട് - സെക്രട്ടറിറ്റു ദി കമ്മീഷണർ ഫോർ ഗവൺമെന്റ് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം 12**</u>'' എന്ന പേരിൽ തിരുവനന്തപുരത്ത് മാറത്തക്ക വിധത്തിൽ ഡിമാന്റ് ഡ്രാഫ്റ്റായി പരീക്ഷാ സെക്രട്ടറിയ്ക്ക് അയയ്ക്കേണ്ടതാണ്.

ചോദ്യപേപ്പർ സ്റ്റേറ്റ്മെന്റ് അനുബന്ധം (ബി) cgeasection@gmail.com എന്ന അഡ്രസ്സിൽ 08/05/2015, 5 മണിക്ക് മുമ്പ് ഇ മെയിൽ ചെയ്യേണ്ടതാണ്. 'സേ' പരീക്ഷ എഴുതാൻ അർഹതയുള്ള വിഷയങ്ങൾ മാത്രമാണ് പരീക്ഷാർത്ഥി അപേക്ഷിക്കുന്നതെന്ന് ചീഫ് സൂപ്രണ്ട് ഉറപ്പുവരുത്തേണ്ടതാണ്.

**<u>ഹാൾടിക്കറ്റ്</u>**

അപേക്ഷ സ്വീകരിക്കുന്ന മുറയ്ക്ക് തന്നെ ചീഫ് സൂപ്രണ്ടുമാർ ഹാൾടിക്കറ്റ് നൽകേണ്ടതാണ്. (അനുബന്ധം സി). 2015 മാർച്ചിൽ പരീക്ഷാർത്ഥികൾക്ക് നൽകിയ രജിസ്റ്റർ നമ്പർ തന്നെയാണ് 'സേ' പരീക്ഷയുടെ രജിസ്റ്റർ നമ്പരായി നൽകേണ്ടത്.

**<u>ഉത്തരക്കടലാസിന്റെ ഫോട്ടോകോപ്പി</u>**

'സേ' പരീക്ഷയ്ക്ക് ഉത്തരക്കടലാസുകൾ പുനർമൂല്യനിർണ്ണയത്തിനും മാർക്ക് കൗണ്ടിംഗിനും അനുവദിക്കുന്നതല്ല. എന്നാൽ ഉത്തരക്കടലാസുകളുടെ ഫോട്ടോകോപ്പിക്കുവേണ്ടി പേപ്പർ ഒന്നിന് 200 രൂപ വച്ച് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വിജ്ഞാപനത്തിൽ നൽകിയിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

**(ഒപ്പ്)**

**എം.ഐ. സുകുമാരൻ**

**സെക്രട്ടറി**

**അനുബന്ധം – എ**

**എസ്.എസ്.എൽ.സി.(ഹിയറിംഗ് ഇംപയേർഡ്).– മേയ് 2015 സേവ് എ ഇയർ**

**('സേ') പരീക്ഷ**

**അപേക്ഷാ ഫോറം**

1. പരീക്ഷാ കേന്ദ്രത്തിന്റെ നമ്പർ :
2. പരീക്ഷാ കേന്ദ്രത്തിന്റെ പേരും സ്ഥലവും :
3. (എ) പരീക്ഷാർത്ഥിയുടെ പേര് :

   (ബി) ജനനതീയതി :
4. രക്ഷാകർത്താവിന്റെ പേര് :
5. പൂർണ്ണ മേൽവിലാസം :
6. പരീക്ഷയ്ക്ക് എഴുതുന്ന പേപ്പറുകൾ ****

(2015 മാർച്ചിലെ പരീക്ഷയ്ക്ക് ഡി+ ഗ്രേഡിന് താഴെ ലഭിച്ച 2 പേപ്പ**റുകൾ**

| ക്രമ നമ്പർ | പരീക്ഷ എഴുതുന്ന പേപ്പറുകൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |

****2015 മാർച്ചിലെ എസ്.എസ്.എൽ.സി. (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ അപകടം ഗുരുതരമായ രോഗം, പിതാവ്/മാതാവ്/സഹോദരങ്ങൾ എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷ എഴുതാനോ പൂർത്തിയാക്കാനോ കഴിയാത്തവരുണ്ടെങ്കിൽ ഇവർക്ക് രണ്ടിൽ കൂടുതൽ പേപ്പറുകൾ പരീക്ഷ എഴുതുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്. ഇതിനായി വില്ലേജ് ഓഫീസർ/ അംഗീകൃത ഡോക്ടറുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

1. പരീക്ഷ എഴുതുന്ന മാധ്യമം :
2. 2015 മാർച്ചിൽ പരീക്ഷ എഴുതിയ സ്കൂളിന്റെ പേരും സെന്റർ നമ്പരും :
3. 2015 മാർച്ചിൽ എഴുതിയ പരീക്ഷയുടെ രജിസ്റ്റർ നമ്പർ

മേൽ പ്രസ്താവിച്ച വസ്തുതകൾ സത്യമാണെന്ന് ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം

തീയതി

പരീക്ഷാർത്ഥിയുടെ ഒപ്പ്

## മാതൃ വിദ്യാലയത്തിലെ ഓഫീസ് ഉപയോഗത്തിന്

1. അപേക്ഷ ലഭിച്ച തീയതി :
2. അപേക്ഷാർത്ഥിക്ക് ഐ.ഇ.ഡി. വിഭാഗത്തിലെ ഏതെങ്കിലും ആനുകൂല്യത്തിന് അർഹതയുണ്ടോ :
3. എങ്കിൽ വിഭാഗവും ലഭിച്ച ആനൂകൂല്യങ്ങളും :
(ഡി.പി.ഐ യുടെ ഉത്തരവിന്റെ കോപ്പി സമർപ്പിക്കേണ്ടതാണ്)

അപേക്ഷ പരിശോധിച്ച് നൽകിയിരിക്കുന്ന കാര്യങ്ങൾ ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സൂപ്രണ്ടിന്റെ ഒപ്പ്

================================================================================

## 'സേ'പരീക്ഷാ കേന്ദ്രത്തിലെ ഓഫീസ് ഉപയോഗത്തിന്

1. അപേക്ഷ ലഭിച്ച തീയതി
2. അപേക്ഷയിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ സർട്ടിഫിക്കറ്റുമായി ഒത്തു നോക്കിയ ഉദ്യോഗസ്ഥന്റെ ഒപ്പ്
3. അനുവദിച്ച രജിസ്റ്റർ നമ്പർ
4. ചീഫ് സൂപ്രണ്ടിന്റെ ഒപ്പ്

:

**ANNEXURE –B**

**SSLC (HEARING IMPAIRED) SAY EXAMINATION- MAY 2015**
**QUESTION PAPER STATEMENT**
**(GRADING SYSTEM (Regular Candidates)**

**Name of Centre:** **Centre No.**

**Name of DEO:**

| Subject | No. of Question Paper required | Medium |
|---|---|---|
| Malayalam | | |
| History & Civics (SSI) | | |
| English | | |
| Physics | | |
| Mathematics | | |
| Geography and Economics (SSII) | | |
| Biology | | |
| Chemistry | | |
| Information Technology | | |

**Signature of Superintendent/ Principal**

# ANNEXURE -C

## SECONDARY SCHOOL LEAVING CERTIFICATE (HEARING IMPAIRED)
## SAVE A YEAR (SAY) EXAMINATION MAY - 2015
## ADMISSION TICKET

Register Number of Candidate :

Name in Block Letters :

Name of centre :

Name of Parent/Guardian :

Full Address :

**Signature of Chief Superintendent**
**(To be signed on the photograph)**

Signature of Candidate :
Date of issue of admission ticket :

**Signature of Chief Superintendent**

(School Seal)

---

## Instructions to Candidates

**പരീക്ഷാർത്ഥികൾ വായിച്ച് ശരിയായി മനസ്സിലാക്കുക**

1. Candidates must have their admission tickets with them when they are attending the written examinations
**പരീക്ഷാർത്ഥികൾ എഴുത്ത് പരീക്ഷയ്ക്ക് ഹാജരാകുമ്പോൾ അഡ്മിഷൻ ടിക്കറ്റ് അവരവരുടെ കൈവശം ഉണ്ടായിരിക്കേണ്ടതാണ്.**

2. They must write the name of examination (SSLC (HI), the year and month of exam, register number and subject only on the facing sheet of the answer book.
**ഉത്തരക്കടലാസിന്റെ മുൻവശത്തുള്ള ഷീറ്റിൽ പരീക്ഷയുടെ പേര്** (SSLC HI), **വർഷം, മാസം, രജിസ്റ്റർ നമ്പർ, വിഷയത്തിന്റെ പേര് എന്നിവ മാത്രം എഴുതേണ്ടതാണ്.**

3. Candidate who arrives more than 30 minutes late in the Examination Hall will not admitted to the examination
**നിശ്ചിത സമയം കഴിഞ്ഞ് 30 മിനിട്ട് താമസിച്ചു വരുന്നവരെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.**

4. If graph paper, drawing paper etc, are supplied, they must securely be attached to the answer book with the candidates register number duly entered on them. The register number should be written towards the top of every additional sheet used. The total number of additional sheets used should also be noted on the top of the facing sheet of the answer book
**ഗ്രാഫ് പേപ്പറോ ഡ്രോയിംഗ് പേപ്പറോ തന്നാൽ അതിൽ രജിസ്റ്റർ നമ്പർ എഴുതി ഉത്തരക്കടലാസിൽ ഭദ്രമായി തുന്നിക്കോർക്കണം. കൂടുതലായി ഉപയോഗിക്കുന്ന ഓരോ ഷീറ്റിലും മുകൾഭാഗത്ത് രജിസ്റ്റർ നമ്പർ എഴുതിയിരിക്കണം. കൂടാതെ ഉപയോഗിച്ചിട്ടുള്ള ആകെ ഷീറ്റുകളുടെ എണ്ണം ഉത്തരക്കടലാസിന്റെ ആദ്യ പേജിൽ മുകളിൽ എഴുതേണ്ടതാണ്.**

5. Candidates should use the same ink throughout one session.
**ഒരു പേപ്പർ എഴുതുന്നതിന് ഒരേതരം മഷി മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.**

6. Candidates should scrutinise the entries made in their Admission ticket issued by the Chief Superintendent and point out mistakes, if any, then and there and get them rectified
**ചീഫ് സൂപ്രണ്ട് തരുന്ന അഡ്മിഷൻ ടിക്കറ്റ് നല്ലവണ്ണം പരിശോധിക്കേണ്ടതും അതിൽ വല്ല തെറ്റുകളും ഉണ്ടെങ്കിൽ അതിനെ അവിടെ വച്ചുതന്നെ തിരുത്തി വാങ്ങേണ്ടതാണ്.**

7. Malpractices or attempt to malpractice or even taking any manuscript to the Examination Hall or writing anything on the instrument boxes, cloth or admission tickets and writing on wall or on

any part of the body, using mobile phones etc., will be considered as malpractice and the candidates who resort to such practice will be dealt with severely.

**പരീക്ഷാ ഹാളിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ( പുസ്തകങ്ങളോ നോട്ടുബുക്കുകളോ മറ്റ് കടലാസ് കഷണങ്ങളോ പരീക്ഷാ ഹാളിൽ കൊണ്ടു പോകുക , അവ നോക്കി എഴുതുക അഡ്മിഷൻ ടിക്കറ്റ് വസ്ത്രം, ഉപകരണങ്ങൾ ഭിത്തി, ശരീരത്തിന്റെ ഏതെങ്കിലും ഭാഗങ്ങൾ മുതലായ വയിൽ എന്തെങ്കിലും എഴുതികൊണ്ടു പോകുക, മൊബൈൽ ഫോൺ ഉപയോഗിക്കുക) കാണിക്കുന്ന വരുടെ പേരിൽ കർശനമായ ശിക്ഷണനടപടികൾ സ്വീകരിക്കുന്നതാണ്.**

8. Immediately on receipt of the question paper, candidates should note their Register Numbers on the top(with signature). Those who leave the examination hall earlier should deposit the question papers with theAssistant Superintendents.

**ചോദ്യകടലാസ് കിട്ടിയാലുടനെ അവരുടെ രജിസ്റ്റർ അതിന്റെ മുകളിൽ എഴുതി ഒപ്പ് വയ്ക്കേണ്ടതാണ്. പരീക്ഷാസമയം കഴിയുന്നതിന് മുൻപ് ഇറങ്ങുന്നവർ ചോദ്യകടലാസുകൾ അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കേണ്ടതാണ്.**

9. Any strong misbehavior inside the examination room or within the school premises will be treated, as malpractice and strong action will be taken on the basis of the reports received from Chief Superintendents.

**സ്കൂൾ പരിസരങ്ങളിൽ വച്ചുള്ള എല്ലാ ക്രമരഹിതമായ പെരുമാറ്റങ്ങളും പരീക്ഷാ സംബന്ധമായ ക്രമ ക്കേടുകളും കാണിക്കുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതായിരിക്കും**

10. Stringent action will be taken on reports of intimidation, assault, use of abusive language, sprinkling of ink or indecent behavior inside or outside the school premises towards those engaged in examination duty.

**പരീക്ഷ സംബന്ധിച്ച ചുമതലകളിൽ ഏർപ്പെടുന്ന സൂപ്രണ്ടുമാർ മുതലായവരെ ഭീക്ഷണിപ്പെടുത്തുക കയ്യേറ്റം ചെയ്യുക മഷി കുടയുക അസഭ്യം പറയുക മറ്റേതെങ്കിലും വിധത്തിൽ അവരോട് സ്കൂൾ പരിസരങ്ങളിൽ വച്ചോ പുറത്തുവച്ചോ അപമര്യാദയായി പെരുമാറുക മുതലായവയെ സംബന്ധിച്ച് ലഭിക്കുന്ന റിപ്പോർട്ടുകളിൻമേൽ ഉചിതമായ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.**

**2015–ലെ എസ്.എസ്.എൽ.സി.(ഹിയറിംഗ് ഇംപയേർഡ്)'സേ' പരീക്ഷാ തീയതിയും സമയവും**

| തീയതി | സമയം | വിഷയം |
|---|---|---|
| 18/05/2015 തിങ്കൾ | 10.00 മുതൽ 12.45 വരെ | മലയാളം |
| | 1.45 മുതൽ 3.30 വരെ | ഹിസ്റ്ററി ആന്റ് സിവിക്സ്(എസ്.എസ്.I) |
| 19/05/2015 ചൊവ്വ | 10.00 മുതൽ 12.45 വരെ | ഇംഗ്ലീഷ് |
| | 1.45 മുതൽ 3.30 വരെ | ഫിസിക്സ് |
| 20/05/2015 ബുധൻ | 10.00 മുതൽ 12.45 വരെ | മാത്തമാറ്റിക്സ് |
| | 1.45 മുതൽ 3.30 വരെ | ജിയോഗ്രഫി & എക്കണോമിക്സ് (എസ്.എസ്. II) |
| 21/05/2015 വ്യാഴം | 10.00 മുതൽ 12.45 വരെ | ബയോളജി |
| | 1.45 മുതൽ 3.30 വരെ | കെമിസ്ട്രി |
| 22/05/2015 വെള്ളി | 10.00 മുതൽ 11.30 വരെ | ഇൻഫർമേഷൻ ടെക്നോളജി |

**കൂൾ ഓഫ് ടൈം 15 മിനിറ്റ്**

# GOVERNMENT OF KERALA
## GENERAL EDUCATION DEPARTMENT

# SSLC (HI) SAY EXAMINATION MAY -2015

# NOTIFICATION

**OFFICE OF THE COMMISSIONER**
**FOR GOVERNMENT EXAMINATIONS**
**PAREEKSHABHAVAN, POOJAPPURA**
**THIRUVANANTHAPURAM- 12**